# പതിനാലാം

# പഞ്ചവത്സരപദ്ധതി

# അവസ്ഥാരേഖ

# 2026-27

## വള്ളത്തോൾനഗർഗ്രാമപഞ്ചായത്ത്


ചെറുതുരുത്തി.പി.ഒ-679531, ഫോൺ-04884 262519,

ജി.എസ്.ടി.32AAAGV0105N1ZH

ISO 9001:2015 CERTIFIED

# ആശംസ

ജനകീയാസൂത്രണത്തിൻറെ രജതജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിലാണ് നാം പതിനാലാം പഞ്ചവത്സരപദ്ധതി പ്രവർത്തനത്തിലേക്ക് നീങ്ങുന്നത്. 25 വർഷത്തെ അനുഭവസമ്പത്ത് ഉൾകൊണ്ടുവേണം തുടർന്നുള്ള പ്രവർത്തങ്ങൾആസൂത്രണം ചെയ്യേണ്ടത്. അധികാര വികേന്ദ്രീകരണത്തിൻറെ സത്ത എന്നത് അഴിമതിയും സ്വജനപക്ഷവുമില്ലാതെ പരമാവധി നേരത്തേ ജനങ്ങൾക്ക്കാര്യങ്ങൾചെയ്തു കൊടുക്കുക എന്നതാണ്. വള്ളത്തോൾനഗർഗ്രാമപഞ്ചായത്ത് കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് കാഴ്ചവെച്ചുവരുന്നത്. അതിൻറെ മുന്നോടിയായിട്ടാണ് ഈ അവസ്ഥാരേഖ തയ്യാറാക്കിയിട്ടുള്ളത്. വികസനകാര്യത്തിൽ എല്ലാവരേയും യോജിപ്പിച്ച് മുന്നോട്ട് കൊണ്ടുപോകാന് കഴിയട്ടെ, അവസ്ഥാരേഖക്ക് എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

സ്നേഹപൂർവ്വം
കെ.രാധാകൃഷ്ണൻ
എംപി ചേലക്കര മണ്ഡലം

ഒരു പ്രദേശത്തിൻറെ സാഹചര്യം വിശകലനം ചെയ്യുകയും ആവശ്യങ്ങൾ തിരിച്ചറിയുകയും മുൻഗണനകൾ നിശ്ചയിക്കുകയും വിഭവങ്ങൾ അനുവദിക്കുകയും മുൻകൂട്ടി നിശ്ചയിച്ച ലക്ഷ്യങ്ങൾ കൈവരിക്കുകയും അങ്ങിനെ ഒരു പ്രദേശത്തിൻറെ പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുന്ന ഒരു പ്രക്രിയയാണ് ആസൂത്രണം. കഴിഞ്ഞ 25 വർഷക്കാലം ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ വഴി ഒരുപാട് പുരോഗതി കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. സുസ്ഥിര വികസനം ലക്ഷ്യമാക്കികൊണ്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകേണ്ട കാലഘട്ടത്തിലാണ് പതിനാലാം പഞ്ചവത്സര പദ്ധതിയ്ക്ക് തുടക്കം കുറിക്കുന്നത്. അതുകൊണ്ടു തന്നെ ദീർഘകാലം നിലനിൽക്കുന്ന പദ്ധതികളാണ് പഞ്ചായത്ത് ഭരണസമിതി ലക്ഷ്യമിടുന്നത്.

മാലിന്യ സംസ്കരണം, ഊർജ്ജസംരക്ഷണം, ഉൽപാദന മേഖലയുടെ വളർച്ച, ജലസേചന പദ്ധതികൾ എന്നീ സുസ്ഥിര വികസന പദ്ധതികൾക്കാണ് പഞ്ചായത്ത് ഭരണസമിതി മുൻഗണന നൽകിയിരിക്കുന്നത്. പ്രധാനമായും കാലാവസ്ഥ വ്യതിയാനം, ദുരന്ത നിവാരണം, പ്രകൃതി ദുരന്തം, തൊഴിൽ, ഭക്ഷ്യസുരക്ഷ, ദാരിദ്ര നിർമാർജ്ജനം എന്നീ കാലാനുസൃതമായ പുതിയ പദ്ധതികൾക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളത്. ഇത്തരത്തിലുള്ള കാഴ്ചപാടോടു കൂടിയ അവസ്ഥാരേഖ തയ്യാറാക്കുന്നതിന് അകമഴിഞ്ഞ് സഹായിച്ച എല്ലാവർക്കും ഭരണസമിതിയുടെ പേരിൽ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. അവസ്ഥാരേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ നൽകി സഹായിച്ച ജനപ്രതിനിധികൾ, ആസൂത്രണ സമിതി അംഗങ്ങൾ, സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥർ, ആശാവർക്കർമാർ, അംഗനവാടി ടീച്ചർമാർ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് ഉദ്യോഗസ്ഥർ എന്നിവരേയും നന്ദിയോടെ സ്മരിക്കുന്നു.

**സ്മിത.ടി ,പ്രസിഡണ്ട്**
**വള്ളത്തോൾനഗർഗ്രാമപഞ്ചായത്ത്**

2022ൻറെ തുടക്കത്തിൽ തന്നെ പതിനാലാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി. 2026–27 വള്ളത്തോൾനഗർഗ്രാമ പഞ്ചായത്ത് അവസ്ഥാരേഖ തയ്യാറാക്കുമ്പോൾപുതുചരിത്രം രചിക്കുന്നതിൻറെ ഭാഗമാകാൻ നേതൃത്വം നൽകി എന്നതും വാക്കുകൾപ്പുറം ഒരു ജനപ്രതിനിധി എന്ന നിലയിൽ വളരെയധികം സന്തോഷവും അഭിമാനവും നൽകിയ നിമിഷങ്ങളാണ്. 2016 ൽ അധികാരത്തിൽ വന്ന സംസ്ഥാന സർക്കാർനവകേരളസൃഷ്ടിക്കായി തുടങ്ങിവെച്ച സുസ്ഥിരവികസനതന്ത്രങ്ങൾ തന്നെയാണ് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വള്ളത്തോൾനഗർഗ്രാമപഞ്ചായത്ത് ഉൾപ്പെടുത്തിയിരിക്കുന്നത്. വള്ളത്തോൾനഗർഎന്തായിരുന്നു എന്നും, ഇന്ന് എന്താണ് എന്നും വ്യക്തമാക്കിയാണ് അവസ്ഥാരേഖ മുന്നോട്ട് പോകുന്നത്. കർഷകരുടെയുംതൊഴിലാളികളുടെയും വിയർപ്പിൻറെ ഗന്ധവും കുടുംബശ്രീ അംഗങ്ങളുടെയും ആശാപ്രവർത്തകരുടെയും കഠിനാധ്വാനവും ഈ നാടിൻറെ അനുഭവങ്ങളുമാണ് ഈ അവസ്ഥാരേഖ.

**അബ്ദുൾ ലത്തീഫ് വി കെ**
വൈസ് പ്രസിഡണ്ട്

കഴിഞ്ഞ 25 വർഷക്കാലം കൊണ്ട് ജനപങ്കാളിത്തത്തോടെ വള്ളത്തോൾഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ വികസനോന്മുഖമായ പദ്ധതികളിലൂടെ പഞ്ചായത്തിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തുന്നതിന് സാധിച്ചിട്ടുണ്ട്. ഇനിയും കൈവരിക്കേണ്ടതായ പുരോഗതിയെപ്പറ്റി വിശകലനം ചെയ്യുന്നതിനും നൂതനമായ ആശയങ്ങൾ രൂപപ്പെടുത്തുന്നതിനും ഈ അവസ്ഥാരേഖ പര്യാപ്തമാകട്ടെ എന്ന് ആശംസിക്കുന്നു.

ഷീജ.ടി
വികസന സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാന്

പഞ്ചായത്തിരാജ് നിയമവും ജനകീയാസൂത്രണ പ്രസാഥാനവും നടപ്പിലാക്കിയ ഒരു സംസ്ഥാനം എന്ന നിലയ്ക്ക് ത്രിതല പഞ്ചായത്തുകള് പ്രാദേശിക സർക്കാരുകളായി പ്രവർത്തിച്ചുവരുന്ന ഘട്ടത്തിലാണ് പതിനാലാം പഞ്ചവത്സരപദ്ധതി പ്രവർത്തനങ്ങള് ആരംഭിക്കുന്നത്. കഴിഞ്ഞ 25 വർഷത്തെ ജനപങ്കാളിത്ത പ്രവർത്തനങ്ങള് വഴി നല്ല പുരോഗതി കൈവരിക്കുവാന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ 1996ൽ ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി ആരംഭിക്കുമ്പോള് നടത്തിയതുപോലുള്ള ഒരു അവസ്ഥ പരിശോധന പിന്നീട് ഇന്നുവരം നടന്നിട്ടില്ല നമ്മുടെ കഴിഞ്ഞ കാല പ്രവർത്തനങ്ങളുടെ നേട്ടങ്ങളും പോരായ്മകളും പരിശോധിക്കേണ്ടത് ആവശ്യമാണ് എന്ന തിരിച്ചറിവിൻറെ അടിസ്ഥാനത്തിലാണ് വള്ളത്തോൾനഗർഗ്രാമപഞ്ചായത്ത് അവസ്ഥാരേഖ തയ്യാറാക്കി പതിനാലാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത് .2018-19 വർഷങ്ങളിലെ പ്രളയത്തിൻറെയും തുടർന്ന് മൂന്ന് ഘട്ടങ്ങളിലായി ഉണ്ടായ കോവിഡ്-19 മഹാമാരിയുടെയും അനന്തരഫലങ്ങളുടെ അനുഭവത്തിൽ നിന്നും 17 ലക്ഷ്യങ്ങളും 169 ഉപലക്ഷ്യങ്ങളും കൈവരിക്കുന്നതിനാവശ്യമായ സുസ്ഥിരവികസന പദ്ധതികളാണ് പതിനാലാം പഞ്ചവത്സരപദ്ധതിക്കായി തയ്യാറാക്കിയിട്ടുള്ളത്. ഇത് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഏവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് എല്ലാവിധ ആശംസകളും നേരുന്നു.

അനിൽകുമാര് പി എന്
ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാന്

പതിനാലാം പഞ്ചവത്സരപദ്ധതി പ്രവര്‍ത്തനങ്ങള് ആരംഭിക്കുന്നതിന്‍റെ മുന്നോടിയായി വള്ളത്തോള്‍നഗര്‍ഗ്രാമപഞ്ചായത്ത് അവസ്ഥാരേഖതയ്യാറാക്കിയിരിക്കുകയാണ്. കഴിഞ്ഞ കാല പദ്ധതി പ്രവര്‍ത്തനങ്ങള് വഴി നമ്മുടെ പഞ്ചായത്തില് കൈവരിച്ചിട്ടുള്ള പുരോഗതിയും പോരായ്മകളും സവിസ്തരം പ്രതിപാദിക്കുന്ന ഈ അവസ്ഥാരേഖ ഭാവിതലമുറക്ക് ഒരു പഠനപ്രസ്ഥമാകട്ടെ എന്നാശംസിക്കുന്നു

നിഷരമേഷ്
ആരോഗ്യ സ്റ്റാന്‍റിംഗ് കമ്മിറ്റി ചെയര്‍മാന്

# വള്ളത്തോൾനഗർഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

| | | | | |
|---|---|---|---|---|
| |  | |  | |
| | സ്മിത.ടി<br>പ്രസിഡണ്ട് | | അബ്ദുൾലത്തീഫ്.വി.കെ<br>വൈസ് പ്രസിഡണ്ട് | |
|  | |  | |  |
| ഷീജ.ടി<br>വികസനസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | | അനിൽകുമാർ.പി.എൻ<br>ക്ഷേമകാര്യ സ്റ്റാന്റിംഗ്കമിറ്റി ചെയർപേഴ്സൺ | | നിഷരമേഷ്,ആരോഗ്യ വിദ്യാഭ്യാസസ്റ്റാന്റിംഗ് കമ്മിറ്റി, ചെയർമാൻ |
|  |  |  |  |  |
| അബ്ദുൾറഹിമാൻ.സി.എം,വാർഡ് 1 മെമ്പർ | ജയകുമാർ.പി.എം<br>വാർഡ് 2 മെമ്പർ | സൽമ.പി.എ<br>വാർഡ് 4 മെമ്പർ | അനൂപ് വി ആർ<br>വാർഡ് 5 മെമ്പർ | സുചിത്ര യു<br>വാർഡ് 6 മെമ്പർ |
|  |  |  |  |  |
| അബ്ദുൾകബീർ പി എ<br>വാർഡ് 7 മെമ്പർ | പ്രീത.പി<br>വാർഡ് 9 മെമ്പർ | ജാഫർ വി<br>വാർഡ് 10 മെമ്പർ | ഷംന പി എ<br>വാർഡ് 11 മെമ്പർ | ശ്രുതി കെ എസ്<br>വാർഡ് 12 മെമ്പർ |
|  |  |  | | |
| ഹഫ്സത്ത് സി എച്ച്<br>വാർഡ് 14 മെമ്പർ | മണികണ്ഠൻ സി ആര്<br>വാർഡ് 15 മെമ്പര് | നാരായണൻ സി പി<br>വാർഡ് 18 മെമ്പര് | | |

# വള്ളത്തോൾനഗർഗ്രാമപഞ്ചായത്ത് ജീവനക്കാർ

| | | | | |
|---|---|---|---|---|
| | |  | | |
| | | രോഹിണി എം എസ്<br>സെക്രട്ടറി<br>ഫോൺ- 9496046055 | | |
|  | |  | |  |
| ശോഭന പി കെ<br>അസിസ്റ്റന്റ്<br>സെക്രട്ടറി | | റസീന എ എ<br>ജൂനിയർ സൂപ്രണ്ട് | | കവിത കെ<br>അക്കൌണ്ടന്റ് |
|  |  | |  |  |
| ദിവ്യ കെ<br>സീനിയർ ക്ലർക്ക് | വൈശാഖൻ<br>എം.വി<br>സീനിയർ ക്ലർക്ക് | | സനിൽ ബാബു എസ്<br>എൻ<br>സീനിയർ ക്ലർക്ക് | ബിഷ<br>സീനിയർ ക്ലർക്ക് |
|  | |  | |  |
| ഷിജാദ് വി<br>ക്ലർക്ക് | | അനീഷ് എം.ജെ<br>ക്ലർക്ക് | സനൽ.പി.ആർ<br>ക്ലർക്ക് | വിദ്യ ഒ സി<br>ക്ലർക്ക് |
|  |  |  |  |  |
| ഷാജി സി എ<br>ഓഫീസ് അസിസ്റ്റന്റ് | ഷെമിത<br>കെ.എം<br>ഓഫീസ്<br>അസിസ്റ്റന്റ് | സൌമ്യ എം.എസ്<br>എഫ്.ടി.എസ് | ജിബീഷ് പി.ജി.<br>എഫ്.ടി.എസ് | ഷീല എൻ.വി<br>എഫ്.ടി.എസ് |
|  |  |  |  |  |
| രാമകൃഷ്ണൻ<br>പി.ടി.എസ് | അബ്ദുൾ ഖാദർ<br>ഡ്രൈവർ | വീരാൻ<br>ഡ്രൈവർ | അജിഷ എ.ആർ<br>ടെക്നിക്കൽ<br>അസിസ്റ്റന്റ് | രേഖ ടി.ആർ<br>പ്രോജക്ട് അസിസ്റ്റന്റ് |

# <u>ആസൂത്രണസമിതി അംഗങ്ങൾ</u>

| | | | | |
|---|---|---|---|---|
|  |  |  |  |  |
| സ്മിതി ടി<br>പ്രസിഡണ്ട്(അദ്ധ്യക്ഷൻ) | രോഹിണി എം എസ്<br>കൺവീനര് | എം.സുലൈമാൻ<br>ഉപാദ്ധ്യക്ഷൻ | അബ്ദുൾലത്തീഫ് വി കെ<br>അംഗം | ഷെയ്ക്ക്അബ്ദുൾകാദര്<br>അംഗം |
|  |  |  |  |  |
| സുധാകരൻ<br>അംഗം | സി പി ഹരിദാസ്<br>അംഗം | കെ.ആർ.ഗിരീഷ്<br>അംഗം | പി.എ.യുസഫ്<br>അംഗം | ഷീജ ടി<br>അംഗം |
|  |  |  |  |  |
| നിഷ രമേഷ്<br>അംഗം | അനിൽകുമാര് പി എന്<br>അംഗം | അജിത രവികുമാർ<br>അംഗം | ഗോവിനന്ദൻകുട്ടി കെ വി<br>അംഗം | ടി വി ദേവദാസ്<br>അംഗം |
|  |  |  |  |  |
| ബാബു എ ആർ<br>അംഗം | പി.നിർമ്മലാദേവി<br>അംഗം | നാരായണൻ<br>അംഗം | ഇക്ബാൽ എം എ<br>അംഗം | ജാഫർ<br>അംഗം |

# പഞ്ചായത്ത് നിർവ്വഹണഉദ്യോഗസ്ഥർ

| | | | |
|---|---|---|---|
|  |  | |  |
| രോഹിണി എം എസ്<br>സെക്രട്ടറി | ശോഭന പി കെ<br>അസി.സെക്രട്ടറി | ഐശ്വര്യ<br>കൃഷി ഓഫീസർ | ഡോ. ജോമി ജോൺ<br>സീനിയർ വെറ്ററിനറി<br>സർജൻ |
|  |  |  |  |
| സഫീർ<br>മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി | ശ്രീഹരി<br>മെഡിക്കൽ ഓഫീസർ<br>ആയുർവ്വേദം | സുരേഷ്<br>വില്ലേജ് എക്സ്റ്റൻഷൻ<br>ഓഫീസർ | ജോർജ്ജ് പി<br>വില്ലേജ് എക്സ്റ്റൻഷൻ<br>ഓഫീസർ |
|  |  |  |  |
| സുജിത്ത്<br>അസി.എഞ്ചിനീയർ | നീതുപ്രേം<br>മെഡിക്കൽഓഫീസര്<br>ഹോമിയോ | മോഹനൻ<br>ഹെഡ്മിസ്ട്രസ്,<br>ജിഎസ്.പി.എൽ.,<br>ചെറുതുരുത്തി | ദിവ്യ ഉണ്ണി ടി<br>ഐ.സി.ഡി.എസ്<br>സൂപ്പർവൈസര് |

# വള്ളത്തോൾനഗർചരിത്രം

നെൽപ്പാടങ്ങളും മാവിൻതോപ്പുകളും വാഴത്തോട്ടങ്ങളും കവുങ്ങിന് തോട്ടങ്ങളും മറ്റ് പലവിധ ഫലവൃക്ഷങ്ങളുമെല്ലാമുള്ള പ്രകൃതിമനോഹരമായ ചെറുതുരുത്തി ഗ്രാമം നിളാനദിയുടെ തീരത്ത് സ്ഥിതി ചെയ്യുന്നു. മഹാകവി വള്ളത്തോളിന്റെ പേരിൽ അറിയപ്പെടുന്നു എന്നതുതന്നെ ഈ ഗ്രാമപഞ്ചായത്തിന്റെ ധന്യമായ സാംസ്കാരികപശ്ചാത്തലത്തിന് മകുടോദാഹരണമാണ്. നെല്ലായിരുന്നു പണ്ടുമുതലേ ഇവിടുത്തെ പ്രധാനകൃഷി. വർഷങ്ങൾക്കു മുൻപ് ഈ ദേശത്തെ ഭൂമി മുഴുവന് ജന്മികളായ കുടുംബക്കാര് ചേർന്ന്കൈയ്യടക്കി വച്ചിരിക്കയായിരുന്നു. കുടിയായ്മ, കുടികിടപ്പ്, കാണപ്പാടം, വെറുംപാട്ടം, കുറ്റിമൂപ്പ് (താൽക്കാലികാവകാശം) എന്നീ സമ്പ്രദായങ്ങളിലധിഷ്ഠിതമായിരുന്നു സാധാരണ കൃഷിക്കാരനും ഭൂവുടമയും തമ്മിലുള്ള ബന്ധം. പിൽക്കാലത്ത് സാമൂഹ്യരാഷ്ട്രീയരംഗങ്ങളില് വന്ന മാറ്റങ്ങൾക്കനുസൃതമായി നിലവില് വന്ന ഭൂപരിഷ്കരണ നടപടിക്രമങ്ങൾ ജൻമി സമ്പ്രദായത്തിന് അറുതി വരുത്തുകയും മണ്ണില് പണിയെടുത്തിരുന്നവർക്ക് ഭൂമി സ്വന്തമാകും വരേയും ഈ അവസ്ഥ തുടരുകയും ചെയ്തു.. മഴയെ ആശ്രയിച്ചുള്ള നെൽകൃഷിയായിരുന്നു ഇവിടുത്തെ പ്രധാനവിള. കരകൃഷിയാകട്ടെ വളരെ വിരളമായിരുന്നു. പിൽക്കാലത്ത് കൃഷിയ്ക്കും കൃഷി സമ്പ്രദായങ്ങൾക്കും ഏറെ പരിവർത്തനങ്ങള് വന്നു. തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ, റബ്ബർ തുടങ്ങിയ കൃഷികൾക്ക് പ്രചാരം നൽകിക്കൊണ്ട് കുടിയേറ്റക്കാര് കടന്നുവന്നതോടെ ഇവിടുത്തെ കാർഷികമേഖലയില് വമ്പിച്ച മാറ്റം ഉളവായിട്ടുണ്ട്. പഞ്ചായത്തിൽ ആദ്യമായി കർഷക സംഘം രൂപം കൊണ്ടത് 1954-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലാണ്. 1950-കളുടെ അവസാന ഘട്ടത്തിൽ നിലവിൽ വന്ന കുട്ടായ്മാനിയമവും തുടർന്ന് 1971-ൽ നിലവില് വന്ന ഭൂപരിഷ്കരണനിയമവും കാർഷികമേഖലയില് വന് വിപ്ളവം സൃഷ്ടിച്ചിട്ടുണ്ട്. ഭൂപരിഷ്കരണ നിയമം വരുന്നതുവരെ ജൻമി-കുടിയാൻ സമ്പ്രദായമായിരുന്നു നിലനിന്നിരുന്നത്. കൃഷിക്കാരൻ ജൻമിമാരിൽനിന്നും കൃഷിഭൂമി പാട്ടത്തിന് വങ്ങി കൃഷി ചെയ്തിരുന്നു. കൃഷിക്ക് നാശം സംഭവിച്ചാലും ഇല്ലെങ്കിലും കുടിയാൻമാര് പാട്ടം നൽകുക എന്നത് നിർബന്ധമായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ഒന്നാം ദശകത്തിന്റെ അന്ത്യത്തില്, ശ്രീനാരായണഗുരു നെടുമ്പുരയിലെ പടിഞ്ഞാറക്കര മുണ്ടവൈദ്യരുടെ വസതി സന്ദർശിക്കുകയും നിരവധി ആളുകളുടെ സാന്നിധ്യത്തിൽ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായുള്ള തന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി, അവിടെയുണ്ടായിരുന്ന പാമ്പിൻകാവും കരികുട്ടി, പറക്കുട്ടി തുടങ്ങിയ നീചദൈവങ്ങളുടെ വിഗ്രഹങ്ങളും നീക്കം ചെയ്യിച്ചു. ആ മഹാത്മാവിന്റെ പ്രേരണയാൽ മുണ്ടവൈദ്യരുടെ നേതൃത്വത്തില് അയിത്തജാതിക്കാരോടൊപ്പം സവർണ്ണരും ചേർന്നുകൊണ്ട് പന്തിഭോജനവും നടന്നു. ബ്രിട്ടീഷുകാർ നേരിട്ട് ഭരണം നടത്തിയിരുന്ന മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായിരുന്നല്ലോ മലബാര് പ്രദേശം. ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ദേശീയ പ്രസ്ഥാനത്തിന്റെ ഏറനാട്-വള്ളുവനാട് കർഷകപ്രക്ഷോഭമടക്കമുള്ള സമരമുറകൾ ഈ പ്രദേശത്ത് ശക്തമായി അലയടിച്ചിട്ടുണ്ട്. സമാനകാലഘട്ടത്തിൽ കൊച്ചി-തിരുവിതാംകൂര് നാട്ടുരാജ്യങ്ങളിൽ പ്രത്യേകസംഘടനകളാണ് ജനാധിപധ്യത്തിനുവേണ്ടി പ്രക്ഷോഭം നയിച്ചിരുന്നത്. ഈ പഞ്ചായത്ത് മലബാറിനോട് തൊട്ടുകിടക്കുന്നു എന്നതിനാൽ അവിടെയുണ്ടായ മേൽപ്പറഞ്ഞ സമരങ്ങള് ഈ ഗ്രാമത്തിലും ചലനങ്ങൾ ഉളവാക്കി. പിൽക്കാലത്ത് ഇവിടെയുണ്ടായിരുന്ന സംഘടനകളും, തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സും, കൊച്ചി പ്രജാമണ്ഡലവും ദേശീയധാരയിൽ അലിഞ്ഞ് ഒന്നുചേർന്നു. മലബാറിലും കൊച്ചിയിലും അക്കാലത്തുണ്ടായിവന്ന പുരോഗമനചിന്തയുടെ അലമാലകൾ പഞ്ചായത്തിലെ യുവപ്രതിഭകളിലും ചലനം സൃഷ്ടിച്ചിട്ടുണ്ട്. സ്വാതന്ത്ര്യലബ്ധിക്കു ശേഷവും അവർണ്ണർക്ക് വഴിനടക്കുന്നതിനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി സമരം നടന്നിട്ടുണ്ട്. സ്റ്റേറ്റ് ഹൈവേയായ തൃശ്ശൂർ-ഷൊർണ്ണൂര് റോഡ് വള്ളത്തോള് നഗർ പഞ്ചായത്തിലൂടെ നാലു കിലോമീറ്റര് ദൂരം കടന്നുപോകുന്നു. ഈ പാതയിൽ കൊച്ചിപ്പാലം എന്ന പേരിലറിയപ്പെടുന്ന ഒരു പാലം ഷൊർണ്ണൂരിനെ (പാലക്കാട് ജില്ലയെ) തൃശ്ശൂർ ജില്ലയുമായി ബന്ധിപ്പിക്കുന്നു. ഒരു നൂറ്റാണ്ടിലധികം പഴക്കമുള്ള പാലമാണിത്. പഴയ ബ്രിട്ടീഷ് സർക്കാരിന്റെ കാലത്ത് റെയിൽവേപാലമായി ഉപയോഗിച്ചിരുന്ന പ്രസ്തുതപാലം പിന്നീട് റോഡുഗതാഗതത്തിന് ആവശ്യമായ വ്യതിയാനങ്ങൾ വരുത്തി (സ്ലാബ് പാകി) ഉപയോഗപ്രദമാക്കുകയാണ് ചെയ്തത്.

ആരോഗ്യ-വിദ്യാഭ്യാസ ചരിത്രം

ആയുർവേദപണ്ഡിതനും കീർത്തികേട്ട മഹാവൈദ്യനുമായിരുന്ന പടിഞ്ഞാക്കര മുണ്ടവൈദ്യന് ഈ ഗ്രാമത്തിന്റെ സന്താനമാണ്. 1874-ൽ ജനിച്ച്, 1927-ൽ 53-ാം വയസ്സിൽ അന്തരിച്ച അദ്ദേഹം ചികിത്സാരംഗത്ത് ഒരത്ഭുതമായിരുന്നു. പ്രതിഫലേച്ഛ കൂടാതെ ആതുരസേവനരംഗത്ത് സേവനമനുഷ്ഠിച്ച മനുഷ്യസ്നേഹിയായിരുന്നു അദ്ദേഹം. മുണ്ടവൈദ്യരിൽ നിന്നും ചികിത്സ ലഭിക്കുന്നതിനായി കൊച്ചി-മലബാർ മേഖലയിൽനിന്നുള്ളവരേക്കാള് കൂടുതലായി തമിഴ്നാട് പോലെ വിദൂരദേശങ്ങളില് നിന്നുള്ള രോഗികള് എത്തിയിരുന്നു. ദൂരയാത്രയ്ക്ക് തീവണ്ടി മാത്രം ആശ്രയമായിരുന്ന ആ കാലഘട്ടത്തിൽ മുണ്ടവൈദ്യരെ സന്ദർശിക്കാന് വരുന്നവരുടെ സൌകര്യാർത്ഥം അന്നത്തെ സർക്കാര്, ചെറുതുരുത്തിയില് ഒരു റെയിൽവേ സ്റ്റേഷൻ സ്ഥാപിച്ചുകൊടുത്തുവെന്നത് ഈ ഗ്രാമത്തിന്റെ ചരിത്രത്തിനു മാത്രം സ്വന്തമായ പ്രത്യേകതയാണ്. ഗവൺമെന്റ് ഹൈസ്കൂളിന് സമീപം ഇന്നത്തെ മൃഗചികിത്സാകേന്ദ്രം സ്ഥിതിചെയ്യുന്ന കെട്ടിടമായിരുന്നു അന്നത്തെ റെയിൽവേ സ്റ്റേഷൻ. മീറ്റർഗേജ് റെയിൽവേ ലൈന് ബ്രോഡ്ഗേജാക്കി മാറ്റുകയും പുതിയ റെയിൽവേ പാലം നിർമ്മിക്കുകയും പാത കുറേക്കൂടി കിഴക്കു കൂടിയാവുകയും ചെയ്തതോടെ പ്രസ്തുത റെയിൽവേ സ്റ്റേഷൻ പ്രവർത്തനരഹിതമായി. അപ്പോഴേക്കും മുണ്ടവൈദ്യർ കാലയവനികക്കുള്ളില് മറയുകയും ചെയ്തു.

അദ്ദേഹത്തിന്റെ വസതിയോടുചേർന്ന് ഒരു പോസ്റ്റോഫീസും സ്ഥാപിച്ചുകൊടുത്തിരുന്നു എന്നതില് നിന്നും അയൽനാട്ടുകളുമായുണ്ടായിരുന്ന ചികിത്സാ ബന്ധത്തിന്റെ വൈപുല്യം വ്യക്തമാകും. കൊച്ചിരാജകൊട്ടാരത്തിലെ ചികിത്സകനായിരുന്ന അദ്ദേഹത്തെ മഹാരാജാവ് ആസ്ഥാനവൈദ്യർസ്ഥാനം നൽകി ആദരിച്ചിരുന്നു. അമാലൻമാരുടെ സഹായത്തോടെ മഞ്ചലില് സഞ്ചരിച്ചാണ് സമീപസ്ഥ മനകളിലും മറ്റ ഗൃഹങ്ങളിലും അവശരായ രോഗികളെ അദ്ദേഹം ചികിത്സിച്ചിരുന്നത്. അയിത്താചാരം കൊടികുത്തിവാണിരുന്ന അക്കാലത്ത് അയിത്തജാതിയിൽ പിറന്ന ആ മഹാപ്രതിഭയെ ഏവരും ആദരവോടെ സ്വീകരിച്ചിരുന്നു. അദ്ദേഹത്തിന്റെ ഭാഗിനേയനും ശിഷ്യനുമായ ബാപ്പു വൈദ്യരും, മകൻ മാധവൻ വൈദ്യരും മുണ്ടവൈദ്യരുടെ പാരമ്പര്യം കാത്തുസൂക്ഷിച്ചിരുന്ന പ്രഗത്ഭമതികളായിരുന്നു. മുണ്ടവൈദ്യരുടെ കാലശേഷം അദ്ദേഹത്തിന്റെ സ്മരണാർത്ഥം സ്ഥാപിക്കപ്പെട്ട ആനന്ദമന്ദിരം എന്ന അനാഥമന്ദിരം പത്തു വർഷത്തോളം മാത്രം നിലനിന്നു. മുണ്ടവൈദ്യർ മെമ്മോറിയല് പ്രൈമറി സ്കൂൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. ബ്രിട്ടീഷുക്കാരുടെ വരവിനു ശേഷം അലോപ്പതി ചികിത്സക്ക് കൂടുതൽ പ്രചാരം സിദ്ധിക്കയും ആയുർവേദചികിത്സാരംഗം പിന്തള്ളപ്പെടുകയും ചെയ്യുന്ന സാഹചര്യമുണ്ടായി. വള്ളത്തോൾ നഗർ പഞ്ചായത്തിലെ വിദ്യാഭ്യാസചരിത്രം പരിശോധിച്ചാല് ചില മഹത് വ്യക്തികളുടെ പരിശ്രമങ്ങള് തെളിഞ്ഞുകാണാം. കൊളമ്പിൽ പടിഞ്ഞാക്കര യൂസഫ് ഹാജി, കിഴക്കേപ്പീടികയിൽ മുഹമ്മദ്കുട്ടി മുതലാളി, നെടുമ്പുര പടിഞ്ഞാക്കര മുണ്ടവൈദ്യർ മകന് മാധവന് വൈദ്യര്, പള്ളിക്കല് ടി.എൻ.വിദ്യാധരൻ മാസ്റ്റര്, വെട്ടിക്കാട്ടിരി പുരുഷോത്തമപണിക്കർ എന്നിവരുടെ ശ്രമഫലമായാണ് ഇന്ന് നിലവിലുള്ള വിദ്യാലയങ്ങള് മിക്കതും സ്ഥാപിതമായിരിക്കുന്നത്. ചെറുതുരുത്തി ഗവൺമെന്റ് ഹൈസ്കൂള്, കലാമണ്ഡലം ഗവൺമെന്റ് ആർട്സ് ഹൈസ്കൂള്, പള്ളിക്കല് എയിഡഡ് യു.പി.സ്കൂൾ, ചെറുതുരുത്തി എസ്.എൻ.ടി.ടി.ഐ നെടുമ്പുര, എം.വി.എം.എൽ.പി.സ്കൂൾ, ചെറുതുരുത്തി, ഗവൺമെന്റ് എൽ.പി.സ്കൂൾ എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാന വിദ്യാലയങ്ങൾ. ഇപ്പോഴത്തെ ഗവൺമെന്റ് ഹൈസ്കൂള്, കേവലം എൽ.പി.വിഭാഗമായി ആരംഭിച്ച സ്കൂളാണ്. പിന്നീട് മണ്ണഴി മനക്കാർ ഏറ്റെടുത്ത് നടത്തിവന്നു. ഏതാണ്ട് 1940-ഓടുകൂടി സ്കൂൾ ഗവൺമെന്റ് ഏറ്റെടുത്തു. 1947-ഓടുകൂടി എൽ.പി, യു.പി, ഹൈസ്കൂൾ എന്നീ മൂന്നു വിഭാഗങ്ങളും പ്രവർത്തിച്ചുതുടങ്ങി. 1949-ൽ ആദ്യത്തെ എസ്.എസ്.എൽ.സി ബാച്ച് പുറത്തിറങ്ങി. ഈ പഞ്ചായത്തിൽ ആദ്യമായി ഒരു അപ്പർപ്രൈമറി സ്കൂൾ സ്ഥാപിച്ചത് കൊളമ്പില് പടിഞ്ഞാക്കര യൂസഫ് ഹജിയാണ്. ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിലായിരുന്നു അതുണ്ടായത്. ഇന്നത്തെ ശ്രീതിലകം കോമ്പൌണ്ടിന് വടക്കുവശത്തായി മണ്ണഴിമന വക ഒരു ലോവർപ്രൈമറി സ്കൂളും തുടങ്ങിയിരുന്നു. ആ സ്ഥാപനം പിൽക്കാലത്ത് ഏഴാം ക്ലാസ്സ് വരെ ഉയർത്തുകയും സർക്കാര് ഏറ്റെടുത്ത് പ്രവർത്തനം തുടരുകയും ചെയ്തു. 1957-ൽ നെടുമ്പുരയിലെ മുണ്ടവൈദ്യർ മെമ്മോറിയൽ എൽ.പി.സ്കൂളും 1955-ൽ പള്ളിക്കല് യു.പി.സ്കൂളും 1976-ൽ വെട്ടിക്കാട്ടിരി ശ്രീനരായണ എൽ.പി.സ്കൂളും സ്ഥാപിക്കപ്പെട്ടു.

<u>സാംസ്കാരിക ചരിത്രം</u>

കേരളത്തിലെ പാരമ്പര്യകലകളായ കഥകളി, ചാക്യാർകൂത്ത്, തുള്ളൽ, മോഹിനിയാട്ടം മുതലായവയുടെ പുനരുദ്ധാരണത്തിനും പ്രോൽസാഹനത്തിനുമായി മഹാകവി വള്ളത്തോളും മുകുന്ദരാജയും മറ്റ സുഹൃത്തുക്കളും ചേർന്ന് 1927 ഡിസംബര് 20-ന് കേരളകലാമണ്ഡലം എന്ന പേരിൽ കോഴിക്കോട് കേന്ദ്രമായി ഒരു സംഘം രജിസ്റ്റർ ചെയ്തു. എന്നാൽ സാമ്പത്തികബുദ്ധിമുട്ടുകള് മൂലം ഒരു വിദ്യാലയം തുടങ്ങാന് പിന്നെയും മൂന്നു വർഷങ്ങള് കൂടി കാത്തിരിക്കേണ്ടിവന്നു. 1930 നവംബര് 9-ന് കഥകളിക്കമ്പക്കാരനായിരുന്ന കക്കാട്ട് കുഞ്ഞുണ്ണിത്തമ്പുരാന്റെ വസതിയായ മംപ്പാട്ടിലെ തെക്കിനിയില്, കേരളകലാമണ്ഡലം എന്ന വിദ്യാലയം, കളിവിളക്ക് തെളിയിച്ചുകൊണ്ട് വള്ളത്തോൾ ഉദ്ഘാടനം ചെയ്തു. പലവിധ അസൌകര്യങ്ങൾ നിമിത്തം 1931 ഏപ്രില് മാസത്തില് ആ വിദ്യാലയം മുളങ്കുന്നത്തുകാവിനടുത്തുള്ള അമ്പലപ്പുരം എന്ന സ്ഥലത്തേക്കു മാറ്റി സ്ഥാപിച്ചു. വിദ്യർത്ഥികള് വർദ്ധിച്ചതോടെ അവിടെയും സൌകര്യങ്ങളുടെ പരിമിതി പ്രവർത്തനങ്ങളെ ബാധിക്കാന് തുടങ്ങി. സുകുമാര കലകളും പ്രകൃതിയുമായുള്ള അഭേദ്യബന്ധം കണ്ടറിഞ്ഞിരുന്ന മഹാകവി വള്ളത്തോൾ പുതിയ സ്ഥലത്തിനുവേണ്ടിയുള്ള അന്വേഷണം അവസാനിപ്പിച്ചത് നിളാനദിക്കരയിലുള്ള പ്രകൃതിരമണീയമായ ചെറുതുരുത്തിയിലാണ്. 1936-ൽ കേരളകലാമണ്ഡലം അമ്പലപുരത്തു നിന്നും ചെറുതുരുത്തിയിലെ വള്ളക്കുറ്റുള്ള മണ്ണിലേക്ക് പറിച്ചുനടപ്പെട്ടു. നിളയുടെ കളകളാരവത്തിന്റെ പശ്ചാത്തലത്തിൽ കേളികൊട്ടിന്റെയും ചിലങ്കകളുടെയും മിഴാവിന്റെയും ഇലത്താളത്തിന്റെയും മധുരധ്വനികളുയർന്നു. ആ കളിവിളക്കിൽ പിന്നീടൊരിക്കലും കരിന്തിരി കത്തിയില്ല. 1938 നവംബറിൽ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം, കലാമണ്ഡലത്തിന്റെ എട്ടാം വാർഷികം, വള്ളത്തോളിന്റെ ഷഷ്ടിപൂർത്തി എന്നിവ ഒന്നിച്ചാഘോഷിച്ചു. 1941-ൽ കൊച്ചി മഹാരാജാവ് കലാമണ്ഡലം ഏറ്റെടുത്തു. ഇന്ത്യയുടെ പ്രഥമപ്രധാനമന്ത്രിയായ ജവഹർലാല് നെഹ്റുവിന് കലാമണ്ഡലത്തിനോട് പ്രത്യേകമായ ഒരു വാത്സല്യമുണ്ടായിരുന്നു. ജവഹർലാല് നെഹ്റു കലാമണ്ഡലം രജതജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്യുന്നതിന് വന്നപ്പോൾ, അക്കാലത്ത് പഞ്ചായത്തുപ്രസിഡന്റായിരുന്ന കെ.പി.മൊയ്തുസാഹിബ്, പ്രധാനമന്ത്രിക്ക് ആദ്യസ്വീകരണം നൽകേണ്ടത് പഞ്ചായത്താണെന്ന് പ്രഖ്യാപിക്കുകയുണ്ടായി. തുടർന്ന് പ്രധാനമന്ത്രി ജവഹർലാല് നെഹ്റു പഞ്ചായത്തുവക സ്വീകരണം ഏറ്റുവാങ്ങിയതിനു ശേഷംമാത്രമാണ് കലാമണ്ഡലത്തിന്റെ പരിപാടിയിൽ പങ്കെടുത്തത് എന്നുള്ളത് അവിസ്മരണീയസംഭവമായി ഇന്നും വിലയിരുത്തപ്പെടുന്നു. 1955 ഡിസംബര് 26-ന രജതജൂബിലി ആഘോഷങ്ങൾ അദ്ദേഹമാണ് ഉദ്ഘാടനം ചെയ്തത്. കൂടാതെ കലാമണ്ഡലത്തിന്റെ വികസനത്തിനുവേണ്ടി ഒരു ലക്ഷം രൂപ അനുവദിക്കുകയും ചെയ്യുകയുണ്ടായി. മുൻപ്രധാനമന്ത്രിമാരായ ഇന്ദിരാഗാന്ധിയും വി.പി.സിംഗും കലാമണ്ഡലം സന്ദർശിച്ച പ്രമുഖരിൽ പെടുന്നു. 1957-ൽ കലാമണ്ഡലം കേരളസർക്കാര് ഏറ്റെടുത്തു. കൊച്ചിൻ-ഷൊർണ്ണൂര് റെയിൽവേ ലൈൻ വള്ളത്തോള് നഗര് പഞ്ചായത്തിൽകൂടി കടന്നുപോകുന്നു. വള്ളത്തോൾ നഗര് റെയിൽവേ സ്റ്റേഷന് ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു.

# അവസ്ഥാരേഖ

രണ്ടാംലോക മഹായുദ്ധത്തിന് ശേഷം നവസ്വതന്ത്ര രാജ്യങ്ങൾ വികസന രംഗത്ത് ആസൂത്രണ രീതി സ്വീകരിക്കുവാൻ ഉണ്ടായ പ്രധാന കാരണം സോവിയറ്റ് യൂണിയന് ആസൂത്രണത്തിലൂടെ കൈവരിച്ച വിജയം ആയിരുന്നു. സോവിയറ്റ് യൂണിയൻ ആസൂത്രണം വഴി നേടിയ വിജയമാണ് 1956 ല് ഇന്ത്യയില് പഞ്ചവത്സര പദ്ധതികൾ ആരംഭിക്കുന്നതിന് പ്രേരണയായത്. ഇന്ത്യയിൽ ഇന്ന് നിലനിൽക്കുന്ന പല വൻകിട ഡാമുകളും വൈദ്യുത പദ്ധതികളും പഞ്ചവത്സര പദ്ധതികള് വഴി പൂർത്തീകരിച്ചവയാണ്. ഓരോ പഞ്ചവത്സര പദ്ധതികൾക്കും ഓരോ ലക്ഷ്യങ്ങളായിരുന്നു ഉണ്ടായിരുന്നത് എന്നാല് ഇന്ന് ഇന്ത്യയില് പഞ്ചവത്സര പദ്ധതികളോ അതിന് നേതൃത്വം നൽകിയ ആസൂത്രണ കമ്മീഷനോ നിലവില് ഇല്ല. കേന്ദ്ര സർക്കാര് ആസൂത്രണ കമ്മീഷൻ പിരിച്ച് വിട്ട് നീതി ആയോഗിൻറെ നേതൃത്വത്തിലാണ് നിലവില് പ്രവർത്തനങ്ങള് നടത്തി വരുന്നത്. കേരളത്തിൽ മാത്രമാണ് ഇന്ന് ആസൂത്രണ കമ്മീഷനും പഞ്ചവത്സര പദ്ധതികളും നിലനിൽക്കുന്നത്. പഞ്ചവത്സര പദ്ധതികൾ വഴി കേന്ദ്ര സംസ്ഥാന ആസ്ഥാനങ്ങളില് ഇരുന്ന് ആസൂത്രണം ചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുവദിക്കുന്ന തുക താഴെ തട്ടില് എത്തുമ്പോള് ഒരു ശതമാനം പോലും ഉപയോഗത്തിൽ വരുന്നില്ലായെന്നും രാജ്യത്തിൻറെ വികസനം ഗ്രാമങ്ങളുടെ വികസനം വഴിയേ നടപ്പിലാകൂ എന്നുമുള്ള തിരിച്ചറിവിൻറെ അടിസ്ഥാനത്തിലാണ് 1993 ല് 7374 ഭരണഘടന ഭേദഗതി വഴി പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വരുന്നത്. ഈ നിയമം അനുസരിച്ച് സംസ്ഥാന സർക്കാരിൻറെ നിയന്ത്രണത്തിലുണ്ടായിരുന്ന ഏതാണ്ട് 80 ശതമാനത്തോളം മേഖലകള് ഇന്ന് പഞ്ചായത്തിൻറെ ചുമതലകളിലാണ്. പഞ്ചായത്തീരാജ് നിയമത്തിൽ ഗ്രാമസഭകൾക്കും, ഗ്രാമപഞ്ചായത്തുകൾക്കും വിപുലമായ അധികാരങ്ങൾ നൽകിയിട്ടുണ്ട്. ഇതിൽ പ്രധാനമായും 29 മേഖലകളിലായാണ് ത്രിതല പഞ്ചായത്തുകള് പ്രവർത്തിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകളും, പ്ലാനിംഗ് കമ്മീഷനും, തീരുമാനിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്ന ചുമതലകളാണ് പഞ്ചായത്തുകളിൽ ഉണ്ടായിരുന്നത്. എന്നാൽ പഞ്ചായത്തീ രാജ് നിയമം പ്രാബല്യത്തിൽ വന്നതോടെ പദ്ധതികളുടെ ആസൂത്രണവും, നിർവ്വഹണവും ഗ്രാമപഞ്ചായത്തുകൾക്ക് അവകാശപ്പെട്ടതായി മാറി. പഞ്ചായത്തീ രാജ് നിയമം ഉദ്ദേശിക്കുന്ന തരത്തിൽ ലക്ഷ്യം നടപ്പിലാക്കണം എന്ന ഉദ്ദേശത്തോടു കൂടി 1996 ല് ആഗസ്റ്റ് 17 ന് സംസ്ഥാന സർക്കാര് ജനകീയാസൂത്രണ പ്രവർത്തനം സംസ്ഥാനത്ത് നടപ്പിലാക്കാൻ ആരംഭിച്ചു. ആയത് പ്രകാരം ത്രിതല പഞ്ചായത്തുകൾക്ക് പദ്ധതികള് ആസൂത്രണം ചെയ്യുന്നതിനുള്ള അധികാരവും, നടപ്പിലാക്കുന്നതിന് അവശ്യമായ സമ്പത്തും സാങ്കേതിക വിദ്യയും, ഉദ്യോഗസ്ഥരെയും വിട്ടു നൽകി. ഓരോ പ്രദേശത്തിനും അനുയോജ്യമായ വികസന പ്രവർത്തനങ്ങള് ആസൂത്രണസമിതി യോഗം ചേർന്ന് ചർച്ച ചെയ്യുകയും അതിനു ശേഷം വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് ചർച്ച ചെയ്ത് ലഭിക്കുന്ന കരട് നിർദ്ദേശങ്ങൾക്കൂടി ഉൾപ്പെടുത്തി തയ്യാറാക്കുന്ന കരട് രേഖ ഗ്രാമസഭകളിൽ അവതരിപ്പിക്കുന്നു. ഇത്തരം ഗ്രാമസഭകളിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾക്കൂടി ഉൾപ്പെടുത്തി തയ്യാറാക്കുന്ന കരട് വികസന രേഖ വികസന സെമിനാറില് അവതരിപ്പിക്കുന്നു. വികസന സെമിനാറിൽ നിന്നും ഉയർന്നു വരുന്ന നിർദ്ദേശങ്ങള് ഉൾപ്പെടുത്തി തയ്യാറാക്കുന്ന വികസന രേഖയാണ് ഭരണസമിതി വാർഷിക പദ്ധതികളായി നടപ്പിലാക്കുന്നത്.

ഇത്തരത്തിലുള്ള ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങള് വഴി നമ്മുടെ പഞ്ചായത്തിന് വികസന രംഗത്ത് ഒട്ടേറെ മുന്നേറ്റങ്ങൾ നടത്തുവാന് സാധിച്ചിട്ടുണ്ട്. ജനകീയാസൂത്രണത്തിൻറെ ഇരുപത്തി അഞ്ചാം വാർഷികം കൊണ്ടാടുന്ന ഈ അവസരത്തില് പഞ്ചായത്തിൻറെ മുഖച്ഛായ മാറുന്ന വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ കഴിഞ്ഞ കാല ഭരണ സമിതി അംഗങ്ങളെ നന്ദിയോടെ സ്മരിക്കുന്നു.

കേരളത്തിൻറെ പതിനാലാം പഞ്ചവത്സര പദ്ധതി 2022 ഏപ്രില് ഒന്നിന് ആരംഭിക്കുകയാണ്. രണ്ട് വർഷങ്ങളിലെ പ്രളയത്തിൻറെയും, രണ്ട് ഘട്ടങ്ങളായുള്ള കോവിഡ് -19 ൻറെയും, തുടർച്ചയായുള്ള കാലാവസ്ഥ മാറ്റത്തിൻറെ ഭാഗമായി ഉണ്ടായിട്ടുള്ള പ്രത്യാഘാതങ്ങൾക്ക് ഒപ്പവുമാണ് കേരളത്തിൻറെ പതിനാലാം പഞ്ചവത്സര പദ്ധതി പ്രവർത്തന ആലോചനകള് നടക്കുന്നത്. അതിനാൽ ഇതുവരെയുള്ള പദ്ധതികളിൽ നിന്നും വ്യത്യസ്തമായ പശ്ചാത്തലത്തില് ആണ് പതിനാലാം പഞ്ചവത്സര പദ്ധതി ആവിഷ്കരിക്കേണ്ടത്. വലിയ പ്രതിസന്ധികളിൽ ജനങ്ങളോടൊപ്പം ചേർന്ന് നിൽക്കാന് സ്വതന്ത്ര കമ്പോളത്തിന് കഴിയില്ലെന്നും, അതിനു പൊതു മേഖലയും, സർക്കാരും അനിവാര്യമാണെന്നും ഇന്നത്തെ കോവിഡ് 19 തെളിയിച്ചിരിക്കുന്നു. ശാസ്ത്ര സമൂഹം ഒറ്റക്കെട്ടായി കൊവിഡിനെതിരായി വാക്സിൻ ഒരു വർഷത്തിനകം വികസിപ്പിച്ചെടുത്തത് പ്രതീക്ഷകള് നൽകുന്നുണ്ട് എങ്കിലും, സാമ്പത്തിക അസമത്വവും,

ദാരിദ്രവും, വാക്സിൻ ലഭ്യത പോലും നിഷേധിക്കുന്ന ഇന്നത്തെ ലോക അനുഭവം എല്ലാ രംഗങ്ങളിലും, സാമൂഹ്യ നിയന്ത്രണത്തിൻറെ അനിവാര്യത എടുത്ത് പറയുന്നു.

നമ്മുടെ ലോകത്തിൻറെ മാറ്റങ്ങള് ഉൾകൊണ്ട് കൊണ്ട് 2015 സെപ്റ്റംബര് മാസത്തില് 193 രാജ്യങ്ങള് ന്യൂയോർക്കില് ഒത്തു ചേർന്ന് ഐക്യരാഷ്ട്രസഭ ഉച്ചകോടിയില് ചർച്ച ചെയ്തു എടുത്ത ഒരു നയമാണ് "നമ്മുടെ ലോകത്തിൻറെ പരിവർത്തനം, സുസ്ഥിര വികസനം 2030 " എന്നത്. ഗ്രഹങ്ങൾ, ജനങ്ങൾ, അഭിവൃദ്ധി , സമാധാനം, പങ്കാളിത്തം എന്നിവയെ അടിസ്ഥാനമാക്കിയാണ് പദ്ധതികൾ വിഭാവനം ചെയ്യുന്നത്. 01/01/2016 മുതൽ 31/12/2030 ന് അവസാനിക്കുന്ന ഈ പദ്ധതി നടപ്പിലാക്കുന്നതിന് മറ്റ രാജ്യങ്ങളെ പോലെത്തന്നെ നമ്മുടെ രാജ്യത്തിനും, നമ്മുടെ സംസ്ഥാനത്തിനും, നമ്മുടെ പഞ്ചായത്തിനും ചുമതലയും അധികാരവും ഉണ്ട്. ഇന്ത്യയിൽ 2018 മുതല് നീതി ആയോഗിൻറെ നേതൃത്വത്തില് ഈ പദ്ധതി പ്രവർത്തനം വിലയിരുത്തി ഇന്ത്യാ ഇൻഡക്സ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചു വരുന്നു. ഇന്ത്യാ ഇൻഡക്സ് റിപ്പോർട്ട് പ്രകാരം കഴിഞ്ഞ മൂന്ന് വർഷവും തുടർച്ചയായി കേരളം തന്നെയാണ് ഒന്നാം സ്ഥാനത്ത് നിൽക്കുന്നത്. അതിന് കാരണം 1996 മുതല് കേരളത്തിൽ നടപ്പിലാക്കി വരുന്ന ലക്ഷ്യാധിഷ്ഠിത പദ്ധതികളാണ്.

കഴിഞ്ഞ 25 വർഷക്കാലം ജന പങ്കാളികത്തത്തോടെ നമ്മള് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങള് വഴി ഒരുപാട് പുരോഗതി കൈവരിക്കുവാന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. ജനകീയാസൂത്രണ പ്രസ്ഥാന പ്രവർത്തനങ്ങള് എന്നത് ലക്ഷ്യാധിഷ്ഠിത പ്രവർത്തനങ്ങളായിരുന്നു. അതിൽ കുറഞ്ഞ ശതമാനം പദ്ധതികള് സുസ്ഥിര വികസന പദ്ധതികൾ ആയിരുന്നില്ല എന്നത് നാം ഈ അവസരത്തില് ചിന്തിക്കേണ്ടതുണ്ട്. ആയതുകൊണ്ടാണ് ലക്ഷ്യാധിഷ്ഠിത പ്രവർത്തനം എന്ന മുദ്രാവാക്യത്തിന് ബദലായി സുസ്ഥിര വികസനം എന്ന ആശയത്തിലൂന്നി പദ്ധതി പ്രവർത്തനങ്ങള് രൂപീകരിക്കുവാന് ലക്ഷ്യമിടുന്നത്. സുസ്ഥിര വികസനം ലക്ഷ്യമാക്കികൊണ്ടുളള വികസന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകേണ്ട കാലഘട്ടത്തിലാണ് പതിനാലാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. അതുകൊണ്ട് തന്നെ ദീർഘകാലം നിലനിൽക്കുന്ന പദ്ധതികളാണ് പഞ്ചായത്ത് ഭരണ സമിതി ലക്ഷ്യമിടുന്നത്.

ഊർജ്ജ സംരക്ഷണം, മാലിന്യ സംരക്ഷണം, ഉൽപാദന മേഖലയുടെ വളർച്ച ,

ജലസേചന പദ്ധതികൾ, ബാലസൗഹൃദം, സ്ത്രീ സൗഹൃദം, വ്യവസായ സൗഹൃദം എന്നീ സുസ്ഥിര വികസന പദ്ധതികൾക്കാണ് പഞ്ചായത്ത് ഭണസമിതി മുൻഗണന നൽകുന്നത്.

തദ്ദേശ സ്ഥാപനങ്ങളുടെ വികസന പദ്ധതികളുടെ ആസൂത്രണ രീതി മുൻനിർത്തി കൊണ്ടാണ് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ സ്ഥായിയായ സമഗ്ര വികസനം എന്ന കാഴ്ചപാട് മുന്നോട്ട് വെച്ചിരിക്കുന്നത്. ഇതിൽ പ്രധാനമായും കാലാവസ്ഥ വ്യതിയാനം, ദുരന്ത നിവാരണം, പ്രകൃതി ദുരന്തം , തൊഴിൽ, ഭക്ഷ്യ സുരക്ഷ, ദാരിദ്ര നിർമാർജ്ജനം, ആരോഗ്യ സംരക്ഷണം തുടങ്ങിയ കാലാനുസൃതമായ പുതിയ വെല്ലുവിളികൾ ഏറ്റെടുക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രാധാന്യം നൽകി കൊണ്ടാണ് വികസനരേഖ രൂപ കൽപ്പന ചെയ്തിരിക്കുന്നത്.

# വള്ളത്തോൾനഗർ ഗ്രാമപഞ്ചായത്ത്

**പൊതു വിവരങ്ങൾ**

| | |
|---|---|
| പഞ്ചായത്തിൻറെ പേര് | വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് |
| വില്ലേജ് | ചെറുതുരുത്തി, നെടുമ്പുര |
| വിസ്തീർണ്ണം | 19.87 ച) മീ.കി.2045 ഹെക്ടർ( |
| ജനസംഖ്യ | 28196 |
| സ്ത്രീകൾ | 14218 |
| പുരുഷൻമാർ | 13978 |
| പട്ടികജാതി | 2642 |
| സ്ത്രീകൾ | 1339 |
| പുരുഷൻമാർ | 1303 |
| ആകെ വീടുകൾ | 7680 |
| മറ്റു കെട്ടിടങ്ങൾ | 2210 |
| ആകെ കെട്ടിടങ്ങൾ | 9890 |

## പഞ്ചായത്തിൻറെഅതിരുകൾ

| | |
|---|---|
| കിഴക്ക് | പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് |
| തെക്ക് | മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് |
| പടിഞ്ഞാറ് | ദേശമംഗലം ഗ്രാമപഞ്ചായത്ത് |
| വടക്ക് | ഭാരതപുഴ |
| ആകെ വാർഡുകൾ | 18 |
| ജില്ലാ പഞ്ചായത്ത് | തൃശ്ശൂർ |
| ബ്ലോക്ക് പഞ്ചായത്ത് | പഴയന്നൂർ |
| നിയമസഭാമണ്ഡലം | ചേലക്കര |
| ലോകസഭാമണ്ഡലം | ആലത്തൂർ |